സ.ഉ.(സാധാ) നം.482/2023/SCSTD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീ. അതുൽ. കെ -യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.482/2023/SCSTD തീയതി,തിരുവനന്തപുരം, 17-04-2023

പരാമർശം:-
1. സ.ഉ(പി)നം.12/99/പി&എ.ആർ.ഡി, തീയതി 24.05.1999.
2. സ.ഉ(പി)നം.14/10/പി&എ.ആർ.ഡി, തീയതി 12.04.2010.
3. ശ്രീ. അതുൽ . കെ സമർപ്പിച്ച 01.07.2022 -ലെ അപേക്ഷ.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16.07.2022, 26.10.2022 എന്നീ തീയതികളിലെ ഇ2-10111/22 നമ്പർ കത്തുകൾ.
5. വയനാട് ജില്ലാ കളക്ടറുടെ 17.01.2023-ലെ DCWYD7723/2022-A8 നമ്പർ കത്ത്.

ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ സുൽത്താൻ ബത്തേരി പ്രീ-മെട്രിക് ഹോസ്റ്റലിൽ വാർഡൻ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 02.07.2021 -ൽ മരണപ്പെട്ട ബാലൻ .കെ - യുടെ മകനായ ശ്രീ. അതുൽ. കെ, കോട്ടക്കുന്ന്, നെന്മേനി പി.ഓ, കോളിയാടി, സുൽത്താൻ ബത്തേരി എന്ന വ്യക്തിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സഹിതം സർക്കാരിലേയ്ക്ക് അയയ്ക്കുകയുണ്ടായി. അപേക്ഷകയ്ക്ക് ക്ലറിക്കൽ തസ്തികയിൽ ജോലി നല്കാവുന്നതാണെന്ന് വയനാട് ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) മരണമടഞ്ഞ ജീവനക്കാരന്റെ സേവനകാലയളവ് 21 വർഷവും 11 മാസവുമാണ് (02.08.1999-02.07.2021). പരേതന്റെ മരണശേഷം ടിയാളുടെ ആശ്രിതർക്ക് ഈ പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകിയിട്ടില്ല. രേഖകൾ പ്രകാരം അപേക്ഷകന്റെ ജനനതീയതി 03.09.2000 ആണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം നൽകണമെന്നാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിലെ

സുൽത്താൻ ബത്തേരി പ്രീ-മെട്രിക് ഹോസ്റ്റലിൽ വാർഡൻ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മരണപ്പെട്ട ബാലൻ. കെ - യുടെ മകനായ ശ്രീ. അതുൽ. കെ - ക്കു പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (1), (2) പ്രകാരമുള്ള നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അപേക്ഷകനായ ശ്രീ. അതുൽ. കെ - ക്കു പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ളതോ ഒഴിവ് വരുന്നതോ ആയ ക്ലറിക്കൽ തസ്തികയിൽ നിയമനം നൽകേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഇതു സംബന്ധിക്കുന്ന നടപടിക്രമം പുറപ്പെടുവിക്കേണ്ടതും പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5) അപേക്ഷകൻ, വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചുവെയ്ക്കുകയോ ചെയ്തതായി സർക്കാരിന് എപ്പോഴെങ്കിലും ബോധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്നു കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL V G
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അതുൽ. കെ , കോട്ടക്കുന്ന്, നെന്മേനി പി.ഓ, കോളിയാടി, സുൽത്താൻ ബത്തേരി - 673593
ജില്ലാ കളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ